## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3621 — 26.06.2012-ൽ മറുപടിക്ക്.

## റെയിൽവേ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | റെയിൽവേ വികസനത്തിന്റെ ഭാഗമായ 2012-13 വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ കേരളം നൽകിയിരുന്ന പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; | (എ) | 2012-2013 ലെ കേന്ദ്ര റയിൽവെ ബഡ്ജറ്റിൽ പാലക്കാട് റയിൽകോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, Automatic Signalling System, & Automatic Block Signal, മെമു ട്രെയിൻ സർവ്വീസുകൾ, റെയിൽവേ ലൈൻ വൈദ്യുതീകരണം, പാത ഇരട്ടിപ്പിക്കൽ, മീറ്റർഗേജ് ബ്രോഡ്ഗേജാക്കുന്നത്, ROB കളുടെ നിർമ്മാണം, കോച്ചുകളുടെ എണ്ണത്തിലുള്ള കുറവും ഉള്ളവയുടെ ശോച്യാവസ്ഥയും, പഴയ എറണാകുളം ടെർമിനസ് സബർബൻ ട്രെയിൻ ഹബ്ബായി പ്രവർത്തിക്കുന്നത്, പെനിൻസുലാർ റയിൽവേ സോൺ രൂപീകരണം, തിരുവനന്തപുരത്ത് റയിൽവേ മെഡിക്കൽ കോളേജ്, പുതിയ ലൈനുകളുടെ സർവ്വേയും നിർമ്മാണവും, കോച്ചിംഗ് ഡിപ്പോകൾ, പിറ്റ്ലൈനുകൾ, ഗുഡ്സ് ഷെഡ്ഡുകൾ, മംഗലാപുരം - തിരുവനന്തപുരം ഹൈസ്പീഡ് റയിൽ കോറിഡോർ, ട്രെയിൻ |

| | | | |
|---|---|---|---|
| | | | യാത്രക്കാരുടെ സുരക്ഷ, അണ്ടർപാസ്സിനായി ചിന്നക്കട യിൽ കൊല്ലം നഗരസഭയ്ക്ക് റയിൽവേയുടെ 18.5 സെന്റ് സ്ഥലം കൈമാററം ചെയ്യുന്നത്, ചെങ്ങന്നൂരിൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, തിരുവനന്തപുരത്ത് ബോട്ടിലിംഗ് പ്ലാന്റ്, തിരുവനന്തപുരം ഉൾപ്പെടെ നാല് റയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത്, ഡെഡിക്കേറ്റഡ് ഹൈസ്പീഡ് കോറിഡോർ, യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, പുതിയ ട്രെയിനുകൾ, പ്രഖ്യാപിക്കപ്പെട്ട തീവണ്ടികളുടെ സർവ്വീസുകൾ ആരംഭിക്കുന്നത്, ട്രെയിനുകൾ ദീർഘിപ്പിക്കുന്നത്, ട്രെയിനുകൾ മാറ്റുന്നത്, ട്രെയിനുകളുടെ frequency വർദ്ധിപ്പിക്കുന്നത്, പാസഞ്ചർ റിസർവേഷൻ സിസ്റ്റം, ട്രെയിനുകളുടെ സ്റ്റോപ്പുകൾ എന്നീ പദ്ധതികൾ നടപ്പിലാ ക്കുന്നതിന് ആവശ്യമായ തുക 2012-13 സാമ്പത്തികവർഷത്തെ കേന്ദ്ര ബജറ്റിൽ വകകൊള്ളിക്ക ണമെന്നതാണ് കേന്ദ്ര സർക്കാരിന് 2012 ഫെബ്രുവരി മാസം ബഹു. മുഖ്യമന്ത്രി സമർപ്പിച്ച മെമ്മോറാണ്ടത്തിലെ പ്രധാന നിർദ്ദേശങ്ങൾ. |
| (ബി) | അവയിൽ ഏതെല്ലാമാണ് അംഗീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | വിവരം അനുബന്ധമായി വച്ചിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കേരളത്തിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന് ആനുപാതികമായി റെയിൽവേ കേരളത്തിൽ മുതൽമുടക്ക് നടത്തുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. പാലക്കാട്, കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി

പാലക്കാട്, കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറിയുടെ തറക്കല്ലിടീൽ ചടങ്ങ് 21.02.2012 ന് നടന്നു. ഈ പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെയുള്ള കൂട്ടു സംരംഭമായി നടത്തുന്നതിനായി ഭൂമി സർക്കാരിൽ നിന്നും വിലയ്ക്ക് വാങ്ങാമെന്ന് റയിൽവേ നിർദ്ദേശിക്കുകയും 33.70 കോടി രൂപയ്ക്ക് 239 ഏക്കർ ഭൂമി കേന്ദ്ര സർക്കാരിന് കൈമാറുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ളതും വളരെയധികം ആവശ്യക്കാരുള്ളതുമായ light weight Aluminium കോച്ചുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ഫാക്ടറി യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ വ്യവസായ - തൊഴിൽ മേഖലകളിൽ ഗണ്യമായ വികസനം പ്രതീക്ഷിക്കുന്നു.

## 2. പുതിയ ട്രെയിനുകൾ

കേരളത്തിനുവേണ്ടി 2011-12 ലേക്ക് പ്രഖ്യാപിച്ച 11 ട്രെയിനുകളിൽ താഴെപ്പറയുന്നവ ഓടി തുടങ്ങിയിട്ടുണ്ട്.

1. ട്രെയിൻ നം: 19261/19262 - കൊച്ചുവേളി പോർബന്ദർ എക്സ്പ്രസ്സ്.
2. ട്രെയിൻ നം. 15905/15906 - കന്യാകുമാരി - തിരുവനന്തപുരം- ദിബ്രൂഗഡ് വീക്കിലി വിവേക് എക്സ്പ്രസ്സ്
3. ട്രെയിൻ നം. 22852/22851 മംഗലാപുരം - സാന്ദ്രാഗാച്ചി (ഹൗറ) വീക്കിലി വിവേക് എക്സ്പ്രസ്സ്.
4. ട്രെയിൻ നം. 16350/16349 - നിലമ്പൂർ റോഡ് - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ്.
5. ട്രെയിൻ നം. 19259/19260 - കൊച്ചുവേളി - ഭാവ്നഗർ വീക്കിലി എക്സ്പ്രസ്സ്.
6. ട്രെയിൻ നം. 22816/22815 - എറണാകുളം - ബിലാസ്പൂർ വീക്കിലി എക്സ്പ്രസ്സ്.

7. ട്രെയിൻ നം. 22609/22610 - മംഗലാപുരം - പാലക്കാട് പ്രതിദിന ഇന്റർ സിറ്റി എക്സ്പ്രസ്സ്.

8. 66300-66301-കൊല്ലം എറണാകുളം മെമു.

9. 66302 - 66303 - കൊല്ലം എറണാകുളം മെമു.

3. **റയിൽവേയുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളിൽ റയിൽവേ സ്വീകരിച്ച നടപടി/നൽകിയ ഉറപ്പ്**

1. തിരുവനന്തപുരത്ത് ഒരു സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നിയമിച്ചു.

2. ഹരിപ്പാടിനും കായംകുളത്തിനും ഇടയിലുള്ള റയിൽപാത ഇരട്ടിപ്പിക്കൽ പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. എറണാകുളം - കുമ്പളം , കുമ്പളം - തുറവൂർ, അമ്പലപ്പുഴ - ഹരിപ്പാട് സെക്ഷനുകളുടെ ഇരട്ടിപ്പിക്കൽ പദ്ധതി സ്ഥലം കൈമാറുന്ന മുറയ്ക്ക് മൂന്ന് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാവുന്നതാണ് എന്ന് റയിൽവേ അറിയിച്ചിട്ടുണ്ട്.

3. ഷൊർണ്ണൂർ കണ്ണൂർ റയിൽപാതയുടെ വൈദ്യുതീകരണം 2013 മാർച്ച് മാസത്തോടെയും കണ്ണൂർ - മംഗലാപുരം റയിൽപാതയുടെ വൈദ്യുതീകരണം 2014 മാർച്ച് മാസത്തോടെയും പൂർത്തിയാകുന്നതാണ്.

4. 2014 അവസാനത്തോട് കൂടിയോ 2015 ആദ്യമോ പുനലൂർ - ചെങ്കോട്ട റയിൽ പാതയുടെ ഗേജ് മാറ്റവും പൊള്ളാച്ചി - പാലക്കാട് റയിൽ പാതയുടെ ഗേജ് മാറ്റം 31.3.2012 നും പൂർത്തിയാക്കുന്നതുമാണ്.

5. അങ്കമാലി - കാലടി റയിൽ പാതയുടെ പണി 30.6.2012 ഓടെ പൂർത്തിയാക്കുന്നതാണ്.

6. ചെന്നൈ - ബാംഗ്ലൂർ- എറണാകുളം- തിരുവനന്തപുരം ഹൈസ്പീഡ് റയിൽ കോറിഡോർ പദ്ധതിയുടെ പ്രീ - ഫീസിബിലിറ്റി പഠനം പ്രഖ്യാപിച്ചു.

4. **<u>2012-13 ലെ റയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്.</u>**

1. നേമത്തും കോട്ടയത്തും ടെർമിനലുകൾ.

2. പാലക്കാട് റയിൽ കോച്ച് ഫാക്ടറി.

3. തിരുവനന്തപുരം മുതൽ ബാഗ്ലൂർ വരെ ഹൈസ്പീഡ് റയിൽ കൊറിഡോർ.

4. വിൻഡ് മിൽ പ്ലാന്റ്.

5. കണ്ണൂർ - കണ്ണൂർ എയർപോർട്ട് ലിങ്ക് പുതിയ പാതയുടെ സർവേ.

5. ബാലരാമപുരം സ്റ്റേഷനിൽ വിഴിഞ്ഞം തുറമുഖം വഴി പുതിയ പാതയുടെ സർവേ.

7. കൊല്ലങ്കോട് - തൃശ്ശൂർ പുതിയ പാതയുടെ സർവേ.

8. അങ്ങാടിപ്പുറം - ഒറ്റപ്പാലം പുതിയ പാതയുടെ സർവേ.

9. ഇടപ്പള്ളി - ഗുരുവായൂർ പുതിയ പാതയുടെ സർവേ.

10. ചെങ്ങന്നൂർ - തിരുവനന്തപുരം പുതിയ പാതയുടെ സർവേ.

11. പൊള്ളാച്ചി - പാലക്കാട് പാതയുടെ ഗേജ് മാറ്റം 2011-12 ൽ പൂർത്തീകരണം.

12. ഇടമൺ - പുനലൂർ പാതയുടെ ഗേജ് മാറ്റം 2012-13 ൽ പൂർത്തീകരണം.

13. മാവേലിക്കര - ചെങ്ങന്നൂർ പാതയുടെ ഇരട്ടിപ്പിക്കൽ പൂർത്തീകരണം 2011-13 ൽ.

14. തിരുവനന്തപുരം - കന്യാകുമാരി പാതയുടെ ഇരട്ടിപ്പിക്കൽ സർവേ.

15. ആദർശ് സ്റ്റേഷനുകൾ - ആവണീശ്വരം, ചെറുവത്തൂർ, കണ്ണപുരം, കൊട്ടിക്കുളം മഞ്ചേശ്വരം, നീലേശ്വരം , പരപ്പനങ്ങാടി, പരവൂർ, പായങ്ങാടി.

16 . എറണാകുളം - തൃശ്ശൂർ - പുതിയ മെമു.

ഉമ്മൻ ചാണ്ടി